2994

# ഇരുട്ടിനു മുൻപ്

ഏകാങ്കനാടകം.

ജി. ശങ്കരക്കുറുപ്പ്.

രണ്ടാം പതിപ്പ്:
ആയിരം പ്രതി.
1125 വൃശ്ചികം

പകർപ്പവകാശം കവിക്ക്

എറണാകുളം
പരിഷന്മുദ്രണാലയത്തിൽ
അടിച്ചത്.

വില അണ, എട്ട്.]

സാമ്യവാദവിരോധത്തിൽനിന്നും അക്രമപരമായ ദേശാഭിമാനത്തിൽനിന്നും രൂപമെടുത്ത ഇററാലിയൻഫാഷിസം സീനോർ മുസ്സോളിനിയുടെ ഏകാധിപത്യത്തിൽ വളൎന്നുവന്നതും ആ ഫാഷിസ്റ്റ് സാമ്രാജ്യദാഹം ദുർബ്ബലമായ അബ്സീനിയയുടെ രക്തം കുടിക്കുവാൻ കടൽ കടന്നു ചെന്നതും ലോകചരിത്രത്തിൻെറ ഭയങ്കരസ്വപ്നങ്ങളിൽ ഒന്നാണു്. അശരണയായ അബ്സീനിയയെ മാനഭംഗംചെയ്തു് അടിമയാക്കാനുള്ള ആ കൈരാതസംരംഭം പരിഷ്ക്കൃതങ്ങളായ പാശ്ചാത്യരാജ്യങ്ങളും അവയുടെ ചൊല്പടിക്കു വഴങ്ങിയിരുന്ന സൎവ്വരാജ്യസമിതിയും ക്രൂരമായ ഉദാസീനതയോടെ നോക്കിനിന്നു കണ്ടു; ഇററലിയിലെ ദേവാലയങ്ങളിൽ ഫാഷിസ്ററു സൈന്യത്തിൻെറ അധാൎമ്മികജയത്തിനുള്ള പ്രാൎത്ഥനാമണിനാദം മുഴങ്ങി; മുസ്സോളിനി പാശ്ചാത്യപരിഷ്ക്കാരത്തിനു ആഫ്രിക്കയിൽ സ്വൈരമായി സഞ്ചരിക്കാൻ പാതവെട്ടുകയാണെന്നു നൎമ്മചതുരനായ ഒരു ചിന്തകൻ, മനുഷ്യസ്നേഹിയും യുദ്ധവൈരിയും ആയിരുന്നിട്ടും, ഭംഗിയിൽ പറഞ്ഞു.

ആ പടപ്പുറപ്പാടിനെ അടിമത്തത്തിൻെറ അടിയിൽ അമൎന്നുകിടന്നിരുന്ന കിഴക്കൻരാജ്യങ്ങൾക്കു നിരോധിക്കാൻ കഴിഞ്ഞില്ലെങ്കിലും അവയുടെ ധാൎമ്മികരോഷം അക്രമിയുടെ നേരെ ഉയരാതിരുന്നില്ല; സഹതാപം ഫാഷിസ്ററു് സാമ്രാജ്യദുരയുടെ ഇരയായ നാടിൻെറ നേരെ ഉണരാതിരുന്നില്ല. ആ മനോഭാവത്തിൻെറ ശക്തി പോരാത്ത ഒരു

പ്രതിധ്വനിയാണു് ഈ ഏകാങ്കനാടകം. ഇതിന്റെ ഒന്നാമത്തെ പതിപ്പു് പതിന്നാലു സംവത്സരം മുൻപു്, ഇററാലിയനാക്രമണകാലത്താണു പ്രസിദ്ധപ്പെടുത്തിയതു്. രണ്ടാമതു് അച്ചടിപ്പിക്കാൻ ഇത്രയും വൈകിയതു് എന്റെ അലസതയാൽ മാത്രമാകുന്നു.

അന്താരാഷ്ട്രപ്രാധാന്യമുള്ള ഒരു സംഭവത്തെ ആസ്പദമാക്കി നമ്മുടെ ഭാഷയിലുണ്ടായ പ്രഥമകൃതിയാണു് ഈ ഏകാങ്കനാടകമെന്നു തോന്നുന്നു. വിഷയം പുതിയതാണെങ്കിലും സ്വീകരിച്ചിട്ടുള്ള സങ്കേതം പഴയതാണു്. ധർമ്മം, പർവ്വതം, നദി, രാജ്യം മുതലായവയ്ക്കു ചൈതന്യമാരോപിച്ചു് അവയെ പാത്രങ്ങളാക്കിയിരിക്കുന്നതുകൊണ്ടു് ഒരു കൃത്രിമതയുണ്ടു് ഈ കല്പനത്തിനു്. ലോകം നിമ്നോന്നതമായ മാർഗ്ഗത്തിൽക്കൂടിയാണെങ്കിലും പുരോഗമിക്കുന്നതു് ധർമ്മം അതിന്റെ പിറകിലുള്ളതുകൊണ്ടാണെന്നും, ധർമ്മത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ ജയപരാജയചിന്ത ഗണ്യമല്ലെന്നും ഉള്ള വിശ്വാസമാണു് അബ്സീനിയയെ ആ ദുർജ്ജയശത്രുവിനോടു് എതിരിടാൻ പ്രേരിപ്പിച്ചതു്. ആ വിശ്വാസമാണു്, അന്ധകാരം വളഞ്ഞുവയ്ക്കുമ്പോഴും വെളിച്ചത്തെ സ്നേഹിക്കുവാൻ ധൈര്യമരുളുന്നതു്. മലകളും മരുഭൂമികളും, നദികളും അല്ലാതെ അബ്സീനിയൻ ശൂരതയ്ക്കും സ്വാതന്ത്ര്യേച്ഛയ്ക്കും സഹായമായി ആരും ഇല്ലായിരുന്നു. അതിനാൽ രംഗത്തിൽ തോന്നാവുന്ന അയാഥാർത്ഥ്യം ചരിത്രദൃഷ്ടിയിൽ യാഥാർത്ഥ്യം ആയേ വരികയുള്ളു.

ഈ 'ഫാൻറസി' (കല്പനം) വായിച്ച് എന്നെ അഭിനന്ദിച്ച ഹൃദയാലുവായ ശ്രീ. കെ. എം. പണിക്കർ, 'വെളുത്ത പരിഷ്ക്കാര'ത്തെക്കുറിച്ച് ഈ ഏകാങ്കത്തിൽക്കാണുന്ന അവഹേളനം അതർഹിക്കുന്നില്ല എന്ന് എനിക്ക് എഴുതിയിരുന്നു. മൃഗീയമായ ആക്രമണത്തിന്ന പാത്രമായ അബ്സീനിയൻ ജനതയുടെ ആ സന്ദർഭത്തിലെ മനോഭാവം മാത്രമാണ് ഇതിൽ പ്രതിധ്വനിക്കുന്നത്. അംഗരക്ഷകരുടെ ആ അധിക്ഷേപത്തെ നായിക അനുവദിക്കുന്നുമില്ല. ഹൃദയവും ആത്മാവുമില്ലാത്ത ഒരു പരിഷ്ക്കാരത്തിന് ഇത്ര ശക്തിയും ആയുസ്സും ഉണ്ടാകുകയില്ലല്ലോ.

മാനുഷികമൂല്യങ്ങളെ മൂടുകയും ലോകപുരോഗതിയ്ക്കുള്ള മാർഗ്ഗത്തെ മറയ്ക്കുകയും ചെയ്തുകൊണ്ടു വളർന്ന വളർന്ന് രണ്ടാമത്തെ ലോകമഹായുദ്ധകാലരാത്രിയുടെ രൂപം കൈക്കൊണ്ട ആ 'ഇരുട്ടിനു മുൻപ്' ഉള്ളതാണ് ഇതിലെ മനോരാജ്യവേദിയിൽ മങ്ങിനിൽക്കുന്ന മൂവന്തി. ഇററാലിയൻ ഫാഷിസത്തിന്റെ അക്രമത്തിന്ന നേരെ സർവ്വരാജ്യസമിതി കണ്ണടച്ചുകളഞ്ഞതാണ്, ജപ്പാനേയും ജർമ്മനിയേയും യുദ്ധമെന്നു പറയുന്ന കൂട്ടിക്കൊലയ്ക്കു ധൈര്യപ്പെടുത്തിയത്. ജർമ്മൻ നാസിസം ഇററാലിയൻ ഫാഷിസത്തിന്റെ പ്രബലതരമായ സന്താനം മാത്രമായിരുന്നുതാനും.

— ജി.

## പാത്രങ്ങൾ:

ധർമ്മം

'എത്തിയോപ്യ'

നദി

പർവ്വതം

മരുഭൂമി

സ്വാതന്ത്ര്യം

ഭൂമി;—ആകാശം,—നദി,—

വൃക്ഷൾ.

# ഇരുട്ടിനു മുൻപ്

രംഗം: മനോരാജ്യം. സമയം: മൂവന്തി.

(മേഘമണ്ഡലത്തിനപ്പുറത്തുനിന്നു് പ്രശാന്തമായ
സ്വരത്തിൽ ഗാനം)

പുല്ലുകൾ പുത്തനാം പച്ചന്തൽവേലയാൽ,
നെല്ലുകൾ പൊൻകതിർമാലകളാൽ

രാവു തിളങ്ങുന്ന രത്നസഹസ്രത്താൽ,
പൂവു സുരഭിയാമാശയത്താൽ,

കാററു തുളിക്കുന്ന നവ്യചൈതന്യത്താ-
ലാററൽഗളിക്കുന്ന ശുദ്ധിയാലും,

പാരിന്നു ഭംഗിയും, നന്മയും, മേന്മയും
പാരിച്ചു കാണുവാൻ ചെയ്‌വു യത്നം.

മാനവനാണവമാനമിളയ്ക്കുന്നു-
മാഹവമോഹവശഗൻ മർത്ത്യൻ !

പ്രതിധ്വനി

ആഹവമോഹവശഗൻ മർത്ത്യൻ

(മങ്ങിയ മുഖം, മലിനമായ വേഷം, വ്രണിതമായ ദേഹം—ധർമ്മം മേഘങ്ങൾക്കിടയിൽ പ്രത്യക്ഷനാകുന്നു.)

ധർമ്മം

ലോകംവിഴുങ്ങിയായ ഭയങ്കര ദുർദ്ദിനത്തിൻെറ അവസാനത്തിൽ പടിഞ്ഞാറൻ ചക്രവാളം അല്പമൊന്നു പ്രകാശിച്ചപ്പോൾ, 'ഹാവൂ! വെളിച്ചത്തിൻെറ ഹൃദയരക്തം ഇരുട്ടിനു വെളിവുണ്ടാക്കി', എന്നു വെറുതെ ഞാൻ വിചാരിച്ചു; വെറുതെ! പ്രപഞ്ചംകലക്കിയായ കൊടുങ്കാററ് അന്ത്യശ്വാസം വലിച്ചുവെന്നു സമാശ്വസിച്ചു; വെറുതെ! അതാ വീണ്ടും അന്ധകാരം മുഖം വീപ്പിക്കുന്നു. ചങ്ങല പൊട്ടിച്ച ഭ്രാന്തനെപ്പോലെ കൊടുങ്കാററു പാഞ്ഞു നടക്കുന്നു: പ്രകാശത്തിനു ചരമാവരണം നിവർത്തിക്കഴിഞ്ഞു എന്നു തോന്നിപ്പോകുന്നു, ശുഭപ്രതീക്ഷാശീലനായ എനിക്കുകൂടി. അത്യുന്നതങ്ങളായ രണ്ടു മൂന്നു ഗിരിശിഖരങ്ങളുടെ ശിരസ്സുകളിൽ മാത്രമേ വെളിച്ചത്തിൻെറ നേരിയ സ്മരണ തങ്ങിനില്ക്കുന്നുള്ളു. ആ കൊടുമുടികളിലൊന്നിൽ അല്പസമയം വിശ്രമിക്കുകതന്നെ.

(ദീനസ്വരത്തിൽ ഗാനം ചെയ്തുകൊണ്ടു മന്ദമന്ദം ഇറങ്ങുന്നു. നവകുവലയനീലങ്ങളായ മേഘപടലങ്ങളിൽ പ്രഭാവലയം.)

'നെഞ്ചിൽനിന്നും നിണമൊലിക്കുമ്പൊഴും
പുഞ്ചിരിക്കൊണ്ടു നിൽക്കും പ്രകാശമേ !
നാകത്തിൻെറ വിശുദ്ധസന്താനമേ !
ലോകം നിൻെറ ചുടലയായ് പോയിതോ ?
അന്തി നിൻ ശവപ്പെട്ടിമേൽ ഖിന്നയായ്
ചിന്തിടും നറുംപൂക്കളോ താരകൾ !'

ഈ പർവ്വതങ്ങൾ എന്നെ പ്രതീക്ഷിച്ചു നില്ലുകയായിരുന്നുവോ ? എതിരേൽക്കുവാൻ ഇങ്ങോട്ടു കയറി വരുന്നതുപോലെ തോന്നുന്നു.

(മങ്ങിയ വെളിച്ചത്തിൽ നാലുപാടും നോക്കിക്കൊണ്ടു 'ധർമ്മം' ഗിരിശിഖരത്തിൽ ചിന്താമഗ്നനായി ലാത്തുന്നു.)

ധർമ്മം

മനുഷ്യ, ഉദാരയായ പ്രകൃതി നിൻെറ നേരെ കാണിച്ച വാത്സല്യം അധികമായിപ്പോയി; അസ്ഥാനത്തായിപ്പോയി.

(ഒരു ശബ്ദവും കാററിലലിഞ്ഞുചേന്ന നെടുവീർപ്പും)

'ഞാൻ, അവൻെറ അമ്മ, ലജ്ജിക്കുന്നു. എൻെറ നിയമം അനുസരിച്ചു വളരുമെന്നും എൻെറ സർവ്വസമ്പത്തും സകലരുടേയും ക്ഷേമത്തിനു വിനിയോഗിക്കുമെന്നുമാണ്, അവനെ ഞാൻ ലാളിച്ചപ്പോൾ, ആഗ്രഹിച്ചിരുന്നത്.'

ധർമ്മം

അനുഗ്രഹം വിളയുന്ന ഭൂമി –

(ഭൂമിയിൽനിന്നു് ഒരു ശബ്ദം)

'ഞാൻ, അവൻെറ ധാത്രി, വ്യസനിക്കുന്നു; എൻെറ മടിയിൽ അവൻ കയറിയിരുന്നപ്പോളുണ്ടായ രോമഹർഷം എൻെറ തൃണശ്യാമളമായ ദേഹത്തിൽനിന്നു് ഇനിയും മറഞ്ഞിട്ടില്ലെങ്കിലും അവൻെറ ക്രൂരതയും കൃതഘ്നതയും കാണുമ്പോഠം നടുങ്ങിപ്പോകുന്നു! വല്ല ഗോളങ്ങളിലും സ്വയം തലയടിച്ചു തകൎന്നുപോകുവാൻ ചിലപ്പോഠം എനിക്കു തോന്നിപ്പോകാറുണ്ടു്.'

ധർമ്മം

ശീതളമായ അലിവ് കരളിലൊഴുകുന്ന നദികഠം—

(നദീമുഖത്തുനിന്നു് ഒരു ശബ്ദം)

'ഞങ്ങളുടെ പാവനമായ വക്ഷസ്സിൽ നിന്നു കുടിച്ച പയസ്സിൻെറ പരിശുദ്ധിയെ അവൻ വിസ്മരിച്ചു!'

ധർമ്മം

വികസ്വരങ്ങളും സുരഭിലങ്ങളുമായ പൂക്കഠം—

(പുഷ്പങ്ങളിൽനിന്നു് ഒരു ശബ്ദം.)

'സന്തോഷവും അത്ഭുതവുംകൊണ്ടു വിടരുന്ന കണ്ണുകളോടുകൂടി മനുഷ്യജീവിതത്തെ ഞങ്ങൾ പ്രഭാതത്തിൽ അഭിവാദനംചെയ്യുന്നു. ലജ്ജാവഹമായ അതിൻെറ കർമ്മം കണ്ടു സങ്കോചിക്കുന്ന കണ്ണുകളോടുകൂടി സന്ധ്യയ്ക്കു ഞങ്ങൾ മൂർച്ഛിച്ചുപോകുന്നു. ദുഷ്കർമ്മത്തിൻെറ ദുർഗ്ഗന്ധത്തിൽ ഞങ്ങളുടെ സുരഭിലാത്മാക്കൾ—ചീഞ്ഞുമുട്ടി വീണുപോകുന്നു.'

ധർമ്മം

സർവ്വവും ഒന്നെന്നു് സർവ്വത്തേയും ആലിംഗനം ചെയ്തുകൊണ്ടു നിൽക്കുന്ന ആകാശം—

(ആകാശത്തിൽനിന്നു് ഒരു ശബ്ദം.)

'മനുഷ്യൻെറ ദുര എൻെറ ആലിംഗനത്തിൽ ഒതുങ്ങുന്നതല്ലെന്നു് എനിക്കു ബോധപ്പെട്ടു!'

ധർമ്മം

എല്ലാം വെറുതെ!

പ്രതിധ്വനി

എല്ലാം വെറുതെ!

(ധർമ്മം പാടിക്കൊണ്ടു ലയിക്കുന്നു.)

"പാവനസ്നേഹമേ, നിന്നുറവത്യുഗ്ര-
പാപക്കരിമ്പാറ മൂലമടഞ്ഞുപോയ്‌ !

"നീ വിടവുണ്ടാക്കി നീളെയൊഴുകുമോ
ജീവിതാഗാധത തങ്കൽനിന്നും സ്വയം ?

"വൈരമടിപറിഞ്ഞാണ്ടുപോയീടുമോ
സൈ്വരമൊലിക്കുമതിൻ നവ്യശക്തിയാൽ ?

"മുങ്ങുമോ പാരിൻെറ നിമ്നോന്നതസ്ഥിതി ?
പൊങ്ങുമോ സർവ്വത്ര പൂവിട്ട ശാന്തത ?

"ആനന്ദമന്ദഹാസത്തിനാൽ ജീവിതം
ഫേനസുഭഗമായ്‌ ശുദ്ധമായ്‌ തീരുമോ ?

"നീന്തലറിയാതെ നിന്നിൽ വീണെങ്കിലീ-
ഭ്രാന്തനാം യുദ്ധമൊരിക്കലും പൊങ്ങാതെ !

"പാവനസ്നേഹമേ, നിന്നുറവത്യുഗ്ര-
പാപക്കരിമ്പാറ മൂലമടഞ്ഞുപോയ്‌ !"

(ഒരു ശബ്ദം.)

'രക്ഷിക്കണേ ! രക്ഷിക്കണേ !'

ധർമ്മം

എവിടെനിന്നാണ്‌ ഈ കരുണമായ വിലാപം ?

(വ്യാകുലമായ മുഖത്തോടുകൂടി ധർമ്മം സസംഭ്രമം നോക്കുന്നു.)

(ശബ്ദം)

'രക്ഷിക്കണേ! രക്ഷിക്കണേ!'

ധർമ്മം

ആരുടെയാണീക്കരുണമായ പ്രാർത്ഥന? അതാ, അന്ധകാരത്തിൻെറ കരിശിന്മേൽ കിടന്നു പിടയ്ക്കുന്ന അന്തിവെളിച്ചത്തിൽ ഒരു മങ്ങിയ രൂപം, കാററത്തു നിഴൽപോലെ, ഇങ്ങോട്ടുതന്നെ ഓടിവരുന്നു. കൈയിൽ ഇപ്പോഠം മുറിച്ച ഇന്ദ്രനീലശകലംപോലെ നീലവർണ്ണമായ ഇളംപൈതൽ; പിന്നാലെ, കണ്ണുനീരൊലിപ്പിക്കുന്ന കരുണസ്വരയായ നദി; ചിന്നിച്ചിതറിയ കാടൻമുടിയോടുകൂടിയ അഞ്ജനവർണ്ണമായ പർവ്വതം; മുഖംവിളറിയ മരുഭൂമി; അതാ, അടുത്തെത്തി.

(ധർമ്മത്തിൻെറ മുൻപിൽ ശിശുവിനെക്കിടത്തി നിലവിളിച്ചുകൊണ്ട് യുവതി നമസ്കരിക്കുന്നു. അനുയായികഠം വണങ്ങി പിൻവാങ്ങി നില്ക്കുന്നു.)

എല്ലാവരും

രക്ഷിക്കണേ! രക്ഷിക്കണേ!

ധർമ്മം

ഭദ്രേ, എഴുന്നേൽക്കു! എന്താണാപത്ത്? ദുർബ്ബലതയ്ക്ക് അഥവാ, എന്താണാപത്തല്ലാത്തത്?

നടി

കൃഷ്ണമൃഗിയെ വെള്ളവേട്ടനായ്ക്കൾ പിൻതുടരുന്നു.

ധർമ്മം

വത്സേ, എല്ലാം തുറന്നുപറയു.

യുവതി

പ്രഭോ, അവിടുന്നു ദയാലുവാണ്.

പർവ്വതം

നിർവ്യാജമായ ദയയുടെ കിരണങ്ങൾ ആദ്യമായിട്ടാണു ഞങ്ങളുടെ സ്വാമിനിയിൽ പതിക്കുന്നതു്.

നടി

അതാ, അകലേയ്ക്കു നോക്കു. ഭൂദേവിയുടെ കുങ്കുമലിപ്തമായ സീമന്തരേഖപോലെ പരിലസിക്കുന്ന 'ചെങ്കടൽ.' അതിന്റെ സമീപത്തുനിന്നാണു ഞങ്ങളോടിവരുന്നതു്. ഞങ്ങളുടെ സ്വാമിനി അനന്യശാസനമായി അവിടെയുള്ള ഗൃഹത്തിൽ ശത്രുക്കളുടെ അസൂയയ്ക്കു പാത്രമായി താമസിക്കുകയായിരുന്നു. 'എത്തിയോപ്യ'— ഇതാണ് അവിടുത്തെ തിരുനാമം—കറുത്തവർഗ്ഗ

ക്കാരുടെ രാജ്ഞിയാണു്. 'സ്വാതന്ത്ര്യം'—ഇതാണു് ഈ ഓമനയുടെ പുണ്യനാമം. സർവ്വസമ്പത്തും ഉപേക്ഷിക്കാൻ ഒരുക്കമായിരുന്നു. ഈ നീലവർണ്ണമായ ഓമനപ്പൈതൽ, മഹാരാജ്ഞിയുടെ ജീവിതസർവ്വസ്വം, ഞങ്ങളുടെ അഭിമാനം, ജീവിച്ചിരിക്കുന്നതു ശത്രുവിനു് ഇഷ്ടമല്ല.

(പർവ്വതം പല്ലു ഞെരിക്കുന്നു. മരുഭൂമി ചുടുനെടു വീർപ്പിടുന്നു.)

യുവതി

(ദീനമായ നോട്ടത്തോടുകൂടി)

എന്റെ വിശ്വസ്തസഖി പറഞ്ഞതെല്ലാം സത്യമാണു്. എന്റെ അംഗരക്ഷകന്മാരാണിവർ.

(പർവ്വതത്തെയും മരുഭൂമിയേയും ചൂണ്ടിക്കാണിക്കുന്നു.)

ധർമ്മം

ആരാണു ശത്രു?

യുവതി

വെളുത്ത പരിഷ്കാരം—

നദി

ദുർദ്ദമമായ അഹങ്കാരത്തിന്റെ ദുർദ്ദർശനമായ രൂപം—

മരു

അത്ഭുതാവഹമായ ബുദ്ധിശക്തിയും അജയ്യമായ ദേഹബലവുമല്ല ക്രൂരസത്വം—

പർവ്വതം

ഹൃദയവും ആത്മാവുമില്ലാത്ത ധിക്കാരം!

ധർമ്മം

വെളുത്ത പരിഷ്കാരത്തിൻെറ ഈ കറുത്ത കൃത്യത്തിന്ന് എന്തപരാധം ചെയ്തു വത്സ?

നദി

കരിങ്കുവളപ്പൂവിൻെറ കമനീയവർണ്ണത്തോടുകൂടിയ സ്വാമിനി ലോകസംസ്കാരത്തിൻെറ നിറവിളക്കിന്നു നിറമില്ലാതാക്കുന്ന പുകയാണത്രെ!

മരു

ശ്യാമളവർണ്ണവും നിരുപദ്രവവുമായ ആ ഇളം പൈതൽ പരിഷ്കാരത്തിൻെറ മുഖത്തു പററിയിരിക്കുന്ന കരിയാണുപോൽ!

(ധർമ്മം തളർന്നുറങ്ങുന്ന ശിശുവിൻെറ കോമളമായ കവിളിൽ ചുംബിക്കുന്നു.)

പർവ്വതം

വെളുത്ത വർഗ്ഗത്തിൻെറ സാമ്രാജ്യലോഭം നീതിയുടെ രൂപം ഗ്രസിക്കുന്ന പാണ്ഡുരോഗമാണ്!

യുവതി

വിഷാദവും കോപവും നിമിത്തം ശത്രുവിൻെറ പേരിൽ കരിതേച്ചാതിരിക്കുവിൻ !

(ധർമ്മത്തിനോട്)

പ്രഭോ, ഞാൻ ശത്രുവിൻെറ നേരെ ഒരപരാധവും പ്രവർത്തിച്ചിട്ടില്ല; പക്ഷേ, അവിടുത്തെ ദൃഷ്ടിയിൽ ഞാൻ അപരാധിനിയാണ്.

ധർമ്മം

എനിക്കു മനസ്സിലായില്ല.

യുവതി

അവിടുത്തെ കണ്ണുകളിൽനിന്നു പുറപ്പെടുന്ന തേജഃകിരണം എൻെറ ഹൃദയത്തിലേയ്ക്കു കടന്നു വരുന്നതുപോലെ തോന്നുന്നു ! ഇന്നും നീചനീചമായ അടിമത്തത്തിൻെറ തുരുമ്പുകയറിയ ചങ്ങലയിൽ അനേകസഹസ്രം നിഷ്കളങ്കജനങ്ങൾ എൻെറ നാട്ടിൽ കുടുങ്ങിക്കിടപ്പുണ്ട്. എല്ലാവരേയും മോചിപ്പിക്കുവാൻ എൻെറ ദുർബ്ബലമായ കൈയിന് ഇനിയും കഴിഞ്ഞിട്ടില്ല.

ധർമ്മം

ആ ഭയങ്കരമായ അപരാധത്തിൻെറ വളർന്നു വരുന്ന നിഴലാണ് ഈ ആപത്തെന്നു വരാം.

യുവതി

എന്റെ ഓമനക്കുഞ്ഞിനെ അതു വിഴുങ്ങുമോ, തിരുമേനീ? എന്റെ ഹൃദയം മരവിക്കുന്നു.

ധർമ്മം

വത്സേ, കാലത്തെപ്പോലെ വിശ്വസിക്കാവുന്ന വിളനിലമില്ല; കർമ്മത്തെപ്പോലെ വിശ്വസിക്കാവുന്ന വിത്തും. എന്നെങ്കിലും മുളയ്ക്കും. വിത്തു തിരഞ്ഞെടുക്കുവാൻ നല്ല നോട്ടം തികഞ്ഞ വിവേകത്തെ വിളിക്കണം. അത്രമാത്രം.

യുവതി

വെളിച്ചം വരുംമുൻപ് അടിമത്തം വിതച്ചുകഴിഞ്ഞു. ഉറങ്ങിക്കിടന്നിരുന്ന വിവേകം കണ്ണുതുറക്കുംമുൻപുതന്നെ അതിനു സമ്മതം മൂളിക്കളഞ്ഞു. അവിടുന്നു ക്ഷമിക്കണം. ഈ ഓമനയെ, എന്റെ പ്രാണനെ, 'സ്വാതന്ത്ര്യ'ത്തെ, രക്ഷിക്കണമേ!

മരു

പാപകർമ്മത്തിനു പാപകർമ്മംകൊണ്ടാണോ ശിക്ഷ?

പർവ്വതം

പാപത്തിന്റെ തുക ഓരോ തവണയും മുതലും കൂട്ടുപലിശയും കൂട്ടി തിരിച്ചുകൊടുക്കുന്ന

നിയതി സന്മാൎഗ്ഗനിയമം കെട്ടിപ്പൊക്കിയിട്ടുള്ളതു് പിഴച്ച അസ്ഥിവാരത്തിന്മേലാണു്.

യുവതി

കൎമ്മഗതി ദുൎഗ്രഹമാണു്; ക്ഷമിക്കുവിൻ!

ധൎമ്മം

നിയതിക്കു വാത്സല്യമുണ്ടെല്ലാരോടും, പക്ഷേ, ആരോടും പക്ഷപാതമില്ല.

യുവതി

ഹാ! എന്റെ ഓമന!

നടി

ഹൃദയമില്ലാത്ത ആ ഇററാലിയൻസൈന്യം സ്വാമിനിയുടെ ചാരിത്രത്തിനു ഭംഗമുണ്ടാക്കാൻ അനുവദിക്കാതെ അവിടുന്നു് ഇടയ്ക്കു വന്നു നില്ക്കണമേ!

യുവതി

എന്റെ ജീവിതസൎവ്വസ്വത്തിനു് ഏതു ഗിരിഗഹ്വരത്തിലാണു രക്ഷ!

ധൎമ്മം

ഹാ, എനിക്കു ശക്തിയുണ്ടായിരുന്നെങ്കിൽ! ഈശ്വരൻ ലോകത്തിന്റെ ചെങ്കോൽ എന്റെ

നേരെ നീട്ടി. ആരോ അതിടയ്ക്കു കയറി മേടിച്ചു. എന്റെ പ്രാണപ്രിയയായ നീതി അപഹൃതയായി. ജീവിച്ചിരിക്കുന്നുവോ എന്നുതന്നെ നിശ്ചയമില്ല.

പർവ്വതം

നല്ല മുഖങ്ങളിലൊക്കെ ദുഃഖത്തിന്റെ പ്രതിധ്വനി!

ധർമ്മം

എന്റെ പുണ്യചരിതനായ സചിവൻ, 'സത്യം', ശത്രുവിന്റെ കാരാഗൃഹത്തിലാണ്.

നദി

പുണ്യചരിതത്തിനുള്ള പ്രതിഫലം ബന്ധനം!

ധർമ്മം

മതം, ശാസ്ത്രം, കല, ഇങ്ങനെ വിശ്വസ്തരായ ചില അനുയായികൾ അവരെ മോചിപ്പിച്ചുകൊണ്ടു വരാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ഞാൻ ആശ്വസിക്കുന്നു, ആശിക്കുന്നു: അവർ സുന്ദരിയായ നീതിയേയും ധീരനായ സത്യത്തേയും സ്വതന്ത്രരാക്കാതെ മടങ്ങി വരികയില്ല * * * സ്ഥാനഭ്രഷ്ടനായ എനിക്ക് എന്തു

ചെയ്യുവാൻ കഴിയും ? ഞാൻ നിങ്ങളുടെ ഭാഗത്താണെന്നു വെളിപ്പെടുത്തിയാൽ പ്രതിപക്ഷികളുടെ കോപം പതിന്മടങ്ങു കത്തിക്കാളും * * * എങ്കിലും, ഞാൻ നിങ്ങളുടെ മുൻപിലുണ്ട്. എൻെറ മാറ തുളച്ചിട്ടേ ശത്രുവിൻെറ കുന്തം നിങ്ങളുടെ സ്വാമിനിയുടെ ഹൃദയത്തിൽ തറയ്ക്കുകയുള്ളു.

നദി

അവിടുത്തെ ധമ്മപത്നി നീതിയാണെങ്കിൽ—

മരു

അവിടുത്തെ സചിവൻ സത്യമാണെങ്കിൽ—

പവ്വതം

മതവും, ശാസ്ത്രവും, കലയും അവിടുത്തെ ഭൃത്യന്മാരാണെങ്കിൽ—

ധമ്മം

(സസംഭ്രമം)

ആണെങ്കിൽ, എന്താണ് ? പറയൂ ! എന്താണു നിങ്ങളുടെ ചുണ്ടു വിറയ്ക്കുന്നതു് ? കണ്ണുനിറയുന്നതു് ?

യുവതി

ദുഃഖവൃത്താന്തമാണ് അറിയിക്കാനുള്ളതു്.

ധൎമ്മം

ഹാ! പ്രാണപ്രിയയായ ദേവി നീതി, നീ ശത്രുവിനാൽ നിൎദ്ദയം ഹനിക്കപ്പെട്ടുവോ? ഹാ! സചിവപുംഗവ, അങ്ങു ജീവിച്ചിരിക്കുന്നില്ലേ?

പൎവ്വതം

ധീരോദാത്തനായ പ്രഭുവിൻെറ നീലക്കണ്ണിൽ, നക്ഷത്രംപോലെ, ബാഷ്പം ഉരുണ്ടുകൂടുന്നു.

യുവതി

(സ്വഗതം)

ദുഃഖം ധൎമ്മത്തിൻെറ മുഖത്തിനു സൌന്ദൎയ്യവും തേജസ്സും വൎദ്ധിപ്പിക്കുന്നു.

ധൎമ്മം

(കണ്ണടച്ചിട്ടു്)

ശാസ്ത്രം, മതം, കല, എല്ലാവരും എന്നെ വഞ്ചിച്ചിരിക്കാം! പറയൂ, ലോകത്തിലെ സൎവ്വ ദുഃഖങ്ങളും ഇടിത്തീയിൻെറ രൂപത്തിൽ തലയിൽ പതിച്ചാലും ധൎമ്മം അധീരനാവുകയില്ല, പറയൂ!

യുവതി

പ്രപഞ്ചത്തിൻെറ വീഥിയിൽക്കൂടി, അശരണയായ ഞാൻ അഭയം യാചിച്ചുകൊണ്ടു് അല

യുമ്പോഠം, ഒരു മഹാനഗരത്തിലെ ആഡംബര സമഗ്രമായ മേടമേൽ 'നീതിയുടെ സൌധം' എന്നു വിചിത്രലിപിയിൽ എഴുതിയിരിക്കുന്നതു കണ്ടു. 'രക്ഷിക്കണേ! രക്ഷിക്കണേ!', എന്നുള്ള എൻെറ വിലാപം സമുദ്രതരംഗങ്ങളും ഗിരിഗഹ്വരങ്ങളും ആവത്തിച്ചു. മഹാരാജ്ഞിനീതിയുടെ തിരുവുടയാടയും തിരുമുടിയും ചാത്തി അവിടെ ഇരിക്കുന്നതു 'നയ'മായിരുന്നു. 'നിയമവുമായി ആലോചിക്കട്ടെ', ഇതായിരുന്നു സമാധാനം. നീതി— അവിടുന്നു ക്ഷമിക്കണം— ജീവിച്ചിരിപ്പുണ്ടെങ്കിൽ ആരും കാണാത്ത ഏതെങ്കിലും ഇരുട്ടറയിലിരുന്നു വിങ്ങിവിങ്ങിക്കരയുകയായിരിക്കണം.

ധമ്മം

ഹാ! ദേവി, നീതി!

നദി

സത്യം, അശുവാരു് മിത്രമാരു്, എന്നറിയാൻ നിവൃത്തിയില്ലാതെ ഒളിച്ചു നടക്കുകയാണെന്നു തോന്നുന്നു.

ധമ്മം

സത്യം പെട്ടെന്നു് ആരുടേയും പിടിയിൽ പെടുകയില്ല.

പവ്വതം

സത്യത്തിൻെറ നിഴൽ കണ്ടവരുണ്ടത്രെ.

ധമ്മം

ആരും സത്യത്തെ കാണുന്നില്ലെങ്കിലും സത്യം എല്ലാവരേയും കാണുന്നുണ്ടായിരിക്കണം. * * * എൻെറ വിശ്വസ്തഭൃത്യന്മാരുടെ കഥകൂടി കേൾക്കട്ടെ.

യുവതി

ശാസ്ത്രം ശത്രുക്കളുടെ കയ്യിൽ പെട്ടിരിക്കുന്നു. അവരുടെ 'ആയുധപ്പുര വിചാരിപ്പാ'ണ് ഇപ്പോൾ.

ധമ്മം

ഹാ, ഞാൻ ഇതു പ്രതീക്ഷിച്ചിരിക്കാത്തതാണ്.

മരു

കൂട്ടക്കൊലക്കാരനും ഉന്മത്തനും ആയ സമരത്തിൻെറ കൈയിൽ ഇത്ര വളരെ ആയുധം സമപ്പിച്ച ശാസ്ത്രം അവിടുത്തെ അനുചരനോ? വിശ്വസിക്കുവാൻ സാധിക്കുന്നില്ല.

ധമ്മം

ശാസ്ത്രത്തിനും ഭ്രാന്തുപിടിച്ചിരിക്കണം.

പൎവ്വതം

സ്വാമിനി നിലവിളിച്ചുകൊണ്ടോടിച്ചെല്ലുമ്പോൾ, മതം മറെറാരുവഴിയ്ക്കു മാറിപ്പോകുന്നതു ഞാൻ കണ്ടു.

ധൎമ്മം

ഭീരു !

മരു

പാവങ്ങളുടെ കണ്ണുകളിലാണു സ്വൎഗ്ഗത്തിലെ പുണ്യനദികളുള്ള ഉറവുകളെന്നും, മരിച്ചാൽ അവൎക്കവിടെ കുളിച്ചുതാമസിക്കാമെന്നും, പറയുവാൻ നാലഞ്ചു മുഖമുള്ള ഒരു ഇരുണ്ട രൂപം, മതം എന്നു കേൾക്കുമ്പോൾ, എനിക്കോൎമ്മ വരുന്നു.

യുവതി

തത്വമറിയാതെ നിന്ദിക്കരുതു്. മതത്തിൻെറ ഉടുപ്പു തട്ടിപ്പറിച്ചു വേഷംകെട്ടിനടക്കുന്ന ആ സ്വാൎത്ഥ പൌരോഹിത്യം ആണതു്.

നദി

അതായിരിക്കയില്ല തിരുമേനി സൂചിപ്പിച്ചു മതം.

ധർമ്മം

ഞാൻ ലജ്ജിക്കുന്നു, വിഷാദിക്കുന്നു, പരമസുന്ദരിയായ നീതിയേയും പരമശുദ്ധനായ സത്യത്തേയും മോചിപ്പിക്കുവാൻ പുറപ്പെട്ട മതത്തിൻെറ കഥയിതാണെങ്കിൽ. * * * * ആവട്ടെ, കലയോ ?

നടി

കല അവിടന്നയച്ച ആളാണെന്നു പ്രായേണ സമ്മതിക്കാറില്ല. ശുദ്ധമായിട്ടുപോലും അവിടേയ്ക്കുവേണ്ടി വാദിക്കുന്നുണ്ടെന്നു തോന്നിയാൽ ഹാസമൂർത്തിയായ ആധുനികകാലം പൊട്ടിച്ചിരിക്കും.

പർവ്വതം

കല കലയ്ക്കുവേണ്ടിത്തന്നെയാണത്രെ— സ്വതന്ത്രമാണത്രെ.

യുവതി

കലയുടെ കൈയിൽ ഒരു പുതിയ ലോകത്തിൻെറ പ്ലാനുണ്ടെന്നു കേട്ടിരുന്നു. അതെന്നും ചുരുട്ടിവച്ചുകൊണ്ടിരിയ്ക്കാനേ പററുകയുള്ളു എന്നാണു തോന്നുന്നതു്.

ധർമ്മം

മതത്തിൻെറ ജീവനും ശാസ്ത്രത്തിൻെറ ശ്വാസവും ഉള്ള ഒരു സൌഭാഗ്യശാലിയായിരുന്നു

എന്റെ അനുഗ്രഹത്തിനു പാത്രമായ കല. ഇന്നു കലയും അത്ഥദാസിയായിപ്പോയി. * * * ഹാ ! വത്സൻ ഭയംകൊണ്ടും ക്ഷീണംകൊണ്ടും വിളറിയിരിക്കുന്നു.

('സ്വാതന്ത്ര്യ'ത്തെ അനുഗ്രഹിച്ച് ഒരിക്കൽക്കൂടി ചുംബിച്ച് അമ്മയുടെ കൈയിൽ കൊടുക്കുന്നു.)

യുവതി

ഓമനേ, നിന്നെ പിരിഞ്ഞ് ഞാൻ ജീവിച്ചിരിക്കുകയില്ല.

(മുഖത്തു വീണ്ടുംവീണ്ടും ചുംബിക്കുന്നു.)

* * എന്റെ അംഗങ്ങൾ ഓരോന്നായി എല്ലാം മുറിച്ചെടുക്കുന്നതുവരെ, എന്റെ അവസാനത്തെ രക്തബിന്ദുകൂടി വാൎന്നുവരുന്നതുവരെ, എന്റെ ഓമനയ്ക്കു് ഈ മാറത്തു രക്ഷയുണ്ടു്.

ധൎമ്മം

ഞാൻ നിങ്ങളുടെ കൂടെ വരുന്നു. ശത്രു നിഷ്ക്കളങ്കയായ വത്സയെ നിഗ്രഹിച്ചാൽ ഞാൻ ശ്മശാനസ്ഥലത്തുവന്നു നിത്യവും വിടൎന്ന ശുദ്ധസ്മരണകൾ ശവക്കല്ലറമേൽ വാരിവിതറും. വത്സയ്ക്കു് ഓമനയോടുകൂടി ജീവിച്ചിരിക്കുവാൻ ന്യായവും നിയമവും സഹായമായി വന്നാൽ,

സന്തോഷബാഷ്പംകൊണ്ടു ഞാൻ ആ മിത്രങ്ങളുടെ കാലുകഴുകും. വിജയകിരീടം വത്സയുടെ ശിരസ്സിൽ അണിയിക്കുന്ന പുരോഹിതൻ ഞാൻ ആയിരിക്കയും ചെയ്യും.

പർവ്വതം

അതാ, നിർദ്ദയവും സർവ്വധ്വംസകവുമായ ശത്രുസൈന്യം അടുത്തെത്തിക്കഴിഞ്ഞു!

മരു

അതാ, ആകാശത്തിൻെറ ഹൃദയം പുകഞ്ഞു തുടങ്ങി.

നദി

ഹാ, സ്വാമിനി!

യുവതി

പരതന്ത്രകളായ ജ്യേഷ്ഠസോദരികൾ എനിക്കു നേരിട്ടിരിക്കുന്ന ഈ ദയനീയപരിണാമത്തിൽ വിഷാദിക്കുന്നുണ്ടാവും! അവക്ക് എന്തു ചെയ്യാൻ കഴിയും!

നദി

അതാ, രണ്ടു നക്ഷത്രങ്ങൾ അടർന്നു വീഴുന്നു.

ധർമ്മം

വിശ്വത്തിൻെറ ഹൃദയത്തിൽനിന്നും, ഇരുണ്ട കണ്ണിൽ ഉരുണ്ടുകൂടിയ പ്രകാശമാനങ്ങളായ രണ്ടു

ബാഷ്പബിന്ദുക്കൾ മങ്ങിയ കവിൾത്തടത്തിൽക്കൂടി പെട്ടെന്ന് ഒലിക്കുകയാണ് !

യുവതി

പ്രഭോ, എൻെറ ജീവിതസർവ്വസ്വമായ ഓമനയെ അവിടത്തെ തൃക്കൈയിൽ സമർപ്പിക്കുന്നു. ആ കാർമേഘപടലത്തിൽ വല്ലവിധത്തിലും കൊണ്ടുപോയി രക്ഷിക്കണമേ !

(സ്വാതന്ത്ര്യത്തെ മുറുകെപ്പുണർന്ന് ധർമ്മത്തിൻെറ കൈയിൽ കൊടുത്തിട്ട്)

എനിക്ക് ഏതു യാതനയും സഹിക്കുവാൻ ശക്തിയുണ്ടാകണമേ !

ധർമ്മം

ഈ നിധിയെ സൂക്ഷിച്ചുകൊള്ളാം. ഞാൻ വളർത്തിക്കൊണ്ടുവരുന്ന ഈ ഓമനെ, ശത്രുക്കൾ ഭദ്രയെ തടവിലിടുകയോ, നിഹനിക്കുകയോ ചെയ്യുന്നപക്ഷം, എന്നെങ്കിലും പ്രതിക്രിയ ചെയ്യാതിരിക്കുകയില്ല. എന്നെ വിശ്വസിക്കുക.

യുവതി

ഹാവൂ ! എനിക്കു സമാധാനമായി. •

(ധർമ്മത്തിൻെറ കാല്ക്കൽ കുമ്പിടുന്നു.)

ധർമ്മം

ആയുഷ്മതി, ശ്രേയസ്വിനിയായിരിക്കു !

## പർവ്വതം

അതാ, അവരടുത്തുകഴിഞ്ഞു. സ്വാമിനിയെ തടവിലാക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ഞാൻ എന്റെ വർഗ്ഗക്കാരോടുകൂടി അങ്ങോട്ടു ചെല്ലട്ടെ. ഒരിക്കലും കുനിക്കാത്ത ഞങ്ങളുടെ തല കുനിയിച്ചിട്ടുവേണം ആ ഘോരരൂപയായ ദുരയ്ക്കു് ഇങ്ങോട്ടു കടക്കാൻ. ഞങ്ങളുടെ ഗുഹകളിൽ മരണം ഒളിച്ചിരുന്നു ശത്രുവിന്റെ കഴുത്തിൽ ചാടിവീഴും. ഞങ്ങൾ ജ്വരങ്ങളെ അഴിച്ചുവിടും. തോളോടുതോൾ ചേർന്നുനിന്നു അഭേദ്യമായ പ്രാകാരം നിർമ്മിക്കും.

## മരു

ഞാനും പോയി സജാതീയരെ സന്നദ്ധരാക്കട്ടെ. ഓരോ പദം മുൻപോട്ടു വയ്ക്കുമ്പോഴും, അനീതി ദഹിക്കണം. ഞങ്ങൾ ഉരുകിക്കിടക്കുന്ന വെള്ളിക്കടലുകളാണെന്നും, ക്രൂരയായ ദുരയ്ക്കു നടക്കുവാൻ ഇട്ടിരിക്കുന്ന വെൺപട്ടുകളല്ലെന്നും, ഉടൻ അറിയാറാവും.

## നദി

ഞാനും എന്റെ സഖികളും ഇതാ സന്നദ്ധകളായിക്കഴിഞ്ഞു! ഞങ്ങളുടെ നീലിവൃന്ദങ്ങളായ

വേണികറംകൊണ്ട് അക്രമത്തിൻെറ കാലടികളെ ബന്ധിക്കും.

യുവതി

എനിക്കു നിങ്ങളെ വിശ്വാസമാണ്. നിങ്ങളെ മാത്രമേ വിശ്വസിക്കുവാനുമുള്ളു. എല്ലാവരും പ്രഭുവിനെ നമസ്കരിക്കുവിൻ !

(എല്ലാവരും കുമ്പിടുന്നു. ധർമ്മം അനുഗ്രഹിക്കുന്നു.)

ധർമ്മം

അനുരൂപമായ തീരുമാനം. വിജയം നിങ്ങളെ എതിരേൽക്കട്ടെ ! നിങ്ങളുടെ ജയം എൻെറ ജയം : നിങ്ങളുടെ അപജയം എൻെറ അപജയം. * * പോകുവിൻ ! ജയിക്കുവിൻ !

എല്ലാവരും

ധർമ്മം ജയിക്കട്ടെ !

(പോകുന്നു)

ധർമ്മം

എന്നെ എനിക്കുതന്നെ കാണുവാൻ പ്രയാസം ! ഇരുട്ട് ! സർവ്വത്ര ഇരുട്ട് !

(യവനിക)